"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:ഇ7/15743/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തി നഗർ, തിരുവനന്തപുരം-01,
തീയതി: 10.06.2016.

## <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്-പർച്ചേസ് വിഭാഗം-ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ തിയറി ക്ലാസ്/വർക്ക്ഷോപ്പ് നടത്തുന്നത് - വിലക്ക് ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

***********

കാലവർഷകെടുതിയിൽ ചെങ്ങന്നൂർ വനിത ഐ.ടി.ഐ.യിൽ പി.പി.പി പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ മേൽക്കൂരയിലെ ട്രസ്റ്റ് വർക്ക് അടർന്നുവീണ് ടി ഹാളിൽ പരിശീലനം നടത്തിക്കൊണ്ടിരുന്ന ഏകദേശം 22 ട്രെയിനികൾക്ക് സാരമായ പരിക്ക് സംഭവിക്കുകയുണ്ടായി. ഈ സാഹചര്യം മുൻനിർത്തിയും രൂക്ഷമായ കാലവർഷക്കെടുതിയും ശക്തിയായ കാറ്റും മുഖേന പ്രകൃതി വിറങ്ങലിച്ചുനിൽക്കുന്ന സാഹചര്യം മുൻനിർത്തിയും എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും തിയറി ക്ലാസ്/വർക്ക്ഷോപ്പ് പരിശീലനം നടത്തുന്ന കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും സുരക്ഷിത മല്ലാത്ത കെട്ടിടങ്ങളിൽ പരിശീലനം നടത്തുന്നത് ഉപേക്ഷിച്ച് ആയതിന് മറ്റൊരു സുരക്ഷിതമായ കെട്ടിടം കണ്ടെത്തുവാൻ ഓരോ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ പരമാവധി സഹകരിക്കേണ്ടതുമാണ്.

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**
**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

<u>പകർപ്പ്</u>: എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും
പ്രിൻസിപ്പാൾ, ബി.റ്റി.സി/ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്.
(Through Official Website)